അടിസ്ഥാന സൗകര്യ വികസന പദ്ധതി

5 (*65)ശ്രീ. എൻ. അനിരുദ്ധൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സമർപ്പിച്ചിരിക്കുന്ന എത്ര കോടി രൂപയുടെ പദ്ധതിയാണ് ഏഷ്യൻ വികസന ബാങ്കിന്റെ കൺട്രിമിഷൻ അംഗീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) മൊത്തം എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരിക്കുന്നത്;

(സി) ഏതെല്ലാം ഇനങ്ങൾക്ക് വേണ്ടിയാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ പ്രതിനിധികളുമായി 4-ാം വട്ടചർച്ച നടത്തി. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) & (സി) അന്തിമ തീരുമാനം എടുത്തിട്ടില്ല.

കേന്ദ്രനികുതി വരുമാനങ്ങളിൽ നിന്നുള്ള സംസ്ഥാന വിഹിതം

6 (*66)ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നികുതി വരുമാനങ്ങളിൽ നിന്നുള്ള സംസ്ഥാന വിഹിതത്തിൽ എന്തെങ്കിലും മാറ്റം ഈയിടെ കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? പതിനൊന്നാം ധനകാര്യ കമ്മീഷനു നൽകിയ അധിക ടേംസ് ഓഫ് റഫറൻസ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെയും ക്ഷേമ പദ്ധതികളെയും പ്രതികൂലമായി ബാധിക്കുന്നതാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 2000 മേയ് 20-ന് ചേർന്ന അന്തർ സംസ്ഥാന കൗൺസിൽ യോഗത്തിൽ ഇതു സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് ഉന്നയിക്കുകയുണ്ടായോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) കേന്ദ്ര നികുതിയുടെ ശിഷ്ടവരുമാനത്തിന്റെ 20% സംസ്ഥാനങ്ങളുമായി പങ്കുവച്ചപ്പോൾ സംസ്ഥാനത്തുണ്ടായ നഷ്ടം നിയുക്തമായതിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ജി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പതിനൊന്നാം ധനകാര്യ കമ്മീഷൻ മുമ്പാകെ നികുതിവരുമാനം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) പുതിയ മാറ്റം അനുസരിച്ച് കേന്ദ്ര നികുതിയുടെ ശിഷ്ടവരുമാനത്തിന്റെ 20% സംസ്ഥാനങ്ങൾക്കിടയിൽ പങ്കുവയ്ക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ബാധിക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്മിഷന്റെ അവസാന റിപ്പോർട്ട് ലഭ്യമായശേഷമേ സംസ്ഥാനത്തിന്റെ വികസനപ്രവർത്തനത്തെയും ക്ഷേമ പ്രവർത്തനത്തെയും ബാധിക്കുമോയെന്നു പറയാൻ കഴിയൂ.

(സി) അഡീഷണൽ ടേംസ് ഓഫ് റഫറൻസ് റദ്ദാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

(ഡി) ഉന്നയിച്ചിട്ടുണ്ട്.

(ഇ) അന്തർ സംസ്ഥാനയോഗത്തിന്റെ തീരുമാനം ലഭിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) നഷ്ടമുണ്ടാകുകയാണെങ്കിൽ അതു പരിഹരിക്കുന്നതിന് വേണ്ടി 20% എന്നതോതിന് അനുയോജ്യമായ വർദ്ധനവ് വരുത്തുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(എച്ച്) പത്താം ധനകാര്യകമ്മിഷൻ ശുപാർശചെയ്തിരുന്ന ആൾട്ടർനേറ്റീവ് റെവല്യൂഷൻ ഫോർമുല ഉടനെ നടപ്പിലാക്കുക, കേന്ദ്ര നികുതികളുടെ മൊത്തവരുമാനത്തിന്റെ 40%ൽ കുറയാത്ത തുക സംസ്ഥാനങ്ങൾക്കു നൽകുക, ധനകാര്യ കമ്മിഷൻ നിലവിലുള്ള വിഭവകൈമാറ്റ ഫോർമുല തന്നെ തുടരുകയാണെങ്കിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിക്കണം.

(1) സംസ്ഥാനങ്ങൾക്കുള്ള ആദായനികുതി വിഹിതം 85% ആയി പുനഃസ്ഥാപിക്കുക.

(2) ആദായനികുതിക്ക് സർചാർജ്ജ് ഏർപ്പെടുത്തുകയും അങ്ങനെ ലഭിക്കുന്ന വരുമാനം സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കാതിരിക്കുകയും ചെയ്യുന്ന രീതി നിറുത്തലാക്കുക.

(3) കോർപ്പറേറ്റ് നികുതിയെ ആദായനികുതിയുടെ ഭാഗമാക്കുക.

(4) നികുതിദായകരിൽനിന്നും ഈടാക്കുന്ന പലിശയും പിഴകളും വീതം വയ്ക്കപ്പെടുന്ന നികുതി തുകയുടെ കീഴിൽ കൊണ്ടുവരിക.

(5) എക്സൈസ് ഡ്യൂട്ടിയുടെ വിഹിതം നിലവിലുള്ള 40%ൽ നിന്ന് 47.5% ആയി ഉയർത്തുക.

(6) അധിക എക്സൈസസ് തീരുവ കേന്ദ്രം ഈടാക്കുന്ന നിലവിലുള്ള രീതി അവസാനിപ്പിച്ച് വിൽപ്പന നികുതി പിരിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്കു നൽകുക.

(7) റെയിൽവേ യാത്രകൂലിയിന്മേലുള്ള നികുതിയുടെ പകരമായുള്ള ഗ്രാന്റ് നിലവിലുള്ള 10.7%ൽ നിന്നും മൊത്തം നികുതി വരുമാനവും പരോക്ഷ നികുതി വരുമാനവും തമ്മിലുള്ള അനുപാത വർദ്ധനവിനനുസരിച്ച് വർദ്ധിപ്പിക്കുക.

(8) കേന്ദ്ര നികുതികളുടെ മൊത്തം വരുമാനത്തിന്റെ 10% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(9) ദുരിതാശ്വാസ നിധിയിലെ കേന്ദ്ര വിഹിതം 90% ആയി ഉയർത്തുക.

ചെറുകിട കർഷക ക്ഷേമനിധി

7 (*67)ശ്രീ. ടി.കെ. ബാലൻ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. എം. ദാസൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈയിടെ പ്രഖ്യാപിച്ച ചെറുകിട കർഷക ക്ഷേമനിധി സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ തയ്യാറാക്കികഴിഞ്ഞുവോ;

(ബി) എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ചെറുകിട കർഷകരുടെ പരിധിയിൽ ഏതൊക്കെ കൃഷിക്കാരെ ഉൾപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന ചെറുകിട കർഷകക്ഷേമനിധി രൂപീകരണം എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ക്ഷേമനിധിക്കുള്ള സർക്കാർ വിഹിതം എത്രയെന്ന് നിശ്ചയിച്ചുവോ എങ്കിൽ വെളിപ്പെടുത്തുമോ;

(എഫ്) ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ ഊർജ്ജിത നെൽകൃഷി പദ്ധതിയായ 'ഗാലസ'യിൽ ഉൾപ്പെട്ട ചെറുകിട കൃഷിക്കാർക്കും നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ബി) തയ്യാറാക്കി വരുന്നു.

(സി) സ്വന്തമായി ഇരുപത്തിയഞ്ചു സെന്റു മുതൽ പരമാവധി രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവരും കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുമായ കർഷകരെ ഉദ്ദേശിച്ചാണ് ക്ഷേമനിധി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ക്ഷേമനിധി രൂപീകരണം ഉടൻ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) കർഷകരുടെയും സർക്കാരിന്റെയും വിഹിതത്തോട് കൂടിയാണ് ക്ഷേമനിധി കൊണ്ടുവരുന്നത് വിഹിതം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ്) കർഷകരെ പൊതുവായി ഉദ്ദേശിച്ചാണ് പദ്ധതി തയാറാക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ

8 (*68)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അടിസ്ഥാന സൗകര്യവികസന കോർപ്പറേഷൻ സ്ഥാപിച്ചതെന്നാണ്;

(ബി) അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly